EA

.. 11528

കേരള സർക്കാർ

ഉദ്യോഗസ്ഥ ഭരണപരിഷ്കാര (ഔദ്യോഗികഭാഷ) വകുപ്പ്

നമ്പർ.23657/ഔ.ഭാ.3/13/ഉഭപവ

04 MAR 2014

തിരുവനന്തപുരം
തീയതി :25.02.2014

സർക്കുലർ

വിഷയം:- ഔദ്യോഗികഭാഷ മലയാളമാക്കിയ വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിൽ കത്തിടപാടുകൾ മലയാളത്തിലായിരിക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നത്-സംബന്ധിച്ച്.

ഭരണത്തിന്റെ എല്ലാതലങ്ങളിലും ഔദ്യോഗികഭാഷ മലയാളമായിരിക്കണമെന്നതാണ് സർക്കാരിന്റെ പ്രഖ്യാപിതനയം. ഔദ്യോഗിക ഭാഷയായി മലയാളം ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത ബോധ്യപ്പെടുത്തിക്കൊണ്ടും ഇതിനാവശ്യമായ ഉത്തരവുകളും നിർദ്ദേശങ്ങളും നൽകികൊണ്ടും സർക്കാർ നിരവധി ഉത്തരവുകളും സർക്കുലറുകളും പുറപ്പെടുവിച്ചിട്ടുള്ളതാണ്. ഈ ലക്ഷ്യത്തിലെത്താനുള്ള പ്രവർത്തനങ്ങൾ ത്വരിതഗതിയിൽ നടന്നു വരുകയാണ്. എന്നാൽ ഔദ്യോഗിക ഭാഷ മലയാളമാക്കുക എന്ന സർക്കാർ നയം പൂർണ്ണമായും ലക്ഷ്യത്തിലെത്തിക്കാനുള്ള ശ്രമങ്ങളും നടപടികളും വേണ്ടത്ര ഗൗരവത്തോടെ പല ഓഫീസുകളും സ്വീകരിച്ച് കാണുന്നില്ല. അതിനാൽ തന്നെ ഇക്കാര്യത്തിൽ വേണ്ടത്ര പുരോഗതിയും ഉണ്ടാവുന്നില്ല. വിവിധ വകുപ്പുകളുടെയും ഓഫീസുകളുടെയും ഇക്കാര്യത്തിലുള്ള വീഴ്ച ഗൗരവമായി വീക്ഷിക്കേണ്ടതുണ്ട്. ഈ സാഹചര്യത്തിൽ നിയമപരമായി ഇംഗ്ലീഷ് ഉപയോഗിക്കേണ്ട സാഹചര്യങ്ങളിലൊഴികെ, മലയാളം ഔദ്യോഗിക ഭാഷയായി വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ള വകുപ്പുകൾ, സ്ഥാപനങ്ങൾ എന്നിവയിലെ ഫയലുകൾ പൂർണ്ണമായും നിർബന്ധമായും മലയാളത്തിലായിരിക്കണമെന്ന് കർശന നിർദ്ദേശം നൽകുന്നു.

സെക്രട്ടേറിയറ്റിലെ എല്ലാ അഡീഷണൽ ചീഫ്സെക്രട്ടറിമാരും പ്രിൻസിപ്പൽ സെക്രട്ടറിമാരും സെക്രട്ടറിമാരും സെക്രട്ടേറിയറ്റിതര വകുപ്പ് തലവന്മാരും ജില്ലാ കളക്ടർമാരും ഇക്കാര്യത്തിൽ അതീവ ശ്രദ്ധ ചെലുത്തേണ്ടതും ബന്ധപ്പെട്ടവർക്ക് ആവശ്യമായ നിർദ്ദേശം നൽകേണ്ടതുമാണ്. ഇക്കാര്യത്തിൽ വരുന്ന വീഴ്ചയും കാണിക്കുന്ന അലംഭാവവും ഗൗരവപൂർവ്വം കണ്ട് നടപടി സ്വീകരിക്കേണ്ടതുമാണ്. ഇക്കാര്യത്തിൽ ഏതുതലത്തിൽ വരുന്ന വീഴ്ചയും സർക്കാർ ഗൗരവമുള്ളതായി കാണുന്നതാണ്.

ഇ.കെ.ഭരത് ഭൂഷൺ
ചീഫ് സെക്രട്ടറി

എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറി/പ്രിൻസിപ്പൽ സെക്രട്ടറി/സെക്രട്ടറിമാർക്കും
എല്ലാ വകുപ്പ് തലവൻമാർക്കും
എല്ലാ ജില്ലാ കളക്ടർമാർക്കും
സെക്രട്ടേറിയറ്റിലെ നിയമം, ധനകാര്യം ഉൾപ്പെടെയുള്ള വകുപ്പുകളിലെ
എല്ലാ സെക്ഷനുകൾക്കും.
കരുതൽ ഫയൽ/ഓഫീസ് കോപ്പി.
പകർപ്പ്: ചീഫ് സെക്രട്ടറിയുടെ അഡീഷണൽ സെക്രട്ടറിക്ക്

ഉത്തരവിൻ പ്രകാരം

Rajani Antony
സെക്ഷൻ ഓഫീസർ

പുനഃപ്രസിദ്ധീകരണം നം ഇ.എ(1)4444/13

സഹ:സംഘം രജിസ്ട്രാർ ഓഫീസ്
തിരുവനന്തപുരം, തീയതി: 24-3-14

ഇത് സർക്കുലർ എല്ലാ ജില്ലാ ജോയിന്റ് രജിസ്ട്രാർമാരുടെയും അറിവിലേക്കായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

സഹ:സംഘം രജിസ്ട്രാർക്കുവേണ്ടി